നം:ICDS.B2-~~5415~~ 1271/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി 22.06.17.

**സാമൂഹ്യനീതി ഡയറക്ടർ**

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് - മീസെൽസ് റൂബെല്ല - നിർമ്മാർജ്ജന ക്യാമ്പയിൻ - ICDS ഉദ്യോഗസ്ഥരുടേയും അങ്കണവാടി പ്രവർത്തകരുടേയും സേവനം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :- ഈ കാര്യാലയത്തിലെ 27.1.17ലെ ഇതേ നം. കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ 9 മാസം പ്രായമുള്ള കുഞ്ഞുങ്ങൾ മുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി മീസെൽസ് നിർമ്മാർജനത്തിനും റൂബെല്ലാ നിയന്ത്രണത്തിനുമായി ഘട്ടം ഘട്ടമായി പ്രതിരോധ കുത്തിവയ്പ്പ് ക്യാമ്പയിൻ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

മുതിർന്നവരേയും കുഞ്ഞുങ്ങളേയും ഒരു പോലെ ബാധിക്കുന്നതും മരണത്തിനു വരെ കാരണമായേക്കാവുന്നതുമായ ഗുരുതരമായ വൈറൽ അണുബാധകളാണ് റൂബെല്ലയും മീസെൽസും. കേവലം 2 തുള്ളി പ്രതിരോധ മരുന്നു കൊണ്ട് 95% കുഞ്ഞുങ്ങളെയും മീസെൽസിൽ നിന്നും റൂബെല്ലയിൽ നിന്നും സംരക്ഷിക്കുക എന്നതാണ് ഈ ക്യാമ്പയിനിന്റെ ലക്ഷ്യം.

ഗർഭാവസ്ഥയിലുള്ള സ്ത്രീകളിൽ റൂബെല്ല വൈറസ് അബോർഷനും, ഗർഭസ്ഥ ശിശുവിന് അംഗവൈകല്യത്തിനും കാരണമാകുന്നു. കൺജെനൈറ്റൽ റൂബെല്ല സിൻഡ്രോം (CRS) നവജാത ശിശുക്കളിൽ അന്ധതയ്ക്കും ബധിരതയ്ക്കും കാരണമായേക്കാം.

ആയതിനാൽ മീസെൽസ് റൂബെല്ല ക്യാമ്പയിനിന്റെ പ്രാധാന്യം മനസ്സിലാക്കി ടി ക്യാമ്പയിനിന്റെ ആസൂത്രണത്തിലും നടപ്പിലാക്കലിലും അങ്കണവാടി പ്രവർത്തകരുടേയും സൂപ്പർവൈസർ മാരുടേയും CDPOമാരുടേയും മറ്റുദ്യോഗസ്ഥരുടേയും പരിപൂർണ്ണ

PDF processed with CutePDF evaluation edition www.CutePDF.com

സഹായസഹകരണം ഉറപ്പു വരുത്തുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശിക്കുന്നു. ജില്ലകളിൽ ടി ക്യാംപയിൻ നടത്തുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾക്ക് പ്രോഗ്രാം ഓഫീസർമാർ അതത് ജില്ലകളിലെ RCH ഓഫീസർമാരുമായി ബന്ധപ്പെടേണ്ടതാണെന്ന് കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർ(ഇൻചാർജ്)

S//23.6.17